10-06-2023

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/06/2023.

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും (35%) മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും (50%), പഴം/പച്ചക്കറി ഉന്ത് വണ്ടികൾക്ക് 15,000/- രൂപയും (50%), ശേഖരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 6 ലക്ഷം രൂപയും (40%) മലയോര പ്രദേശങ്ങളിൽ (50%) 8.25 ലക്ഷം രൂപയും ധനസഹായം നൽകുന്നു.

കൂടാതെ, കുറഞ്ഞത് ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും (50%) കൂൺ കൃഷിയ്ക്ക് 8 ലക്ഷം രൂപയും (40%) കൂൺ വിത്തുത്പാദനത്തിന് 6 ലക്ഷം രൂപയും (40%) ധനസഹായം നൽകി വരുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഹോർട്ടികൾച്ചർ മിഷന്റെ ഓഫീസുമായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്), പ്രിൻസിപ്പൽ കൃഷി ഓഫിസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്, എന്ന വിലാസത്തിലോ **9383471782** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

2. ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന ക്ഷീരപരിശീലന കേന്ദ്രത്തിൽ ജൂൺ 14 മുതൽ 26 വരെ പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിൽ 10 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പ്രവേശന ഫീസ് 135 രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർക്ക് ജൂൺ 12 ന് വൈകിട്ട് അഞ്ചു മണിക്ക് മുമ്പായി ddþdtcþkkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ 0495-2414579 എന്ന ഫോൺ നമ്പർ വഴിയോ പേര് രജിസ്റ്റർ ചെയ്യാം.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

3. കൃഷിവകുപ്പിന്റെ ആനയറയിലുള്ള വില്പന കേന്ദ്രം വഴി അത്യുൽപാദന ശേഷിയുള്ള DXT, TXD, WCT, Orange Dwarf, കുറ്റ്യാടി നാടൻ തുടങ്ങിയ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകളും കൂടാതെ, മാവ്, പ്ലാവ്, റമ്പൂട്ടാൻ, അടയ്ക്ക, കുടംപുളി, അലങ്കാര ചെടികൾ തുടങ്ങിയവ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9746692422 എന്ന നമ്പറിൽ ബന്ധപ്പെടുക

4. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ ഇന്തോ-ഫ്രഞ്ച് സെന്റർ ഫോർ ദി പ്രൊമോഷൻ ഓഫ് അഡ്വാൻസ്ഡ് റിസേർച്ച് പ്രൊജക്ടിൽ 'ജൂനിയർ റിസേർച്ച് ഫെല്ലോ' ആയി താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർക്ക് ബയോടെക്നോളജി, അഗ്രിക്കൾച്ചർ, ബോട്ടണി, മൈക്രോബയോളജി എന്നീ വിഷയങ്ങളിലേതിലെങ്കിലും ഒന്നാം ക്ലാസ് ബിരുദാനന്ദരബിരുദമോ എം.ടെക്കോ ഉണ്ടായിരിക്കണം. 2023 ഏപ്രിൽ 30-ന് മുപ്പത് വയസ്സ് കഴിയാൻ പാടില്ല. മോളിക്യുലർ ബയോളജി, ബയോ ഇൻഫോർമാറ്റിക്സ് അനാലിസിസ്, കംപ്യൂട്ടർ പ്രോഗ്രാമിങ് എന്നിവയിലുള്ള പരിചയം അഭിലഷണീയം. താൽപര്യമുള്ളവർ ബയോഡേറ്റ സഹിതം അസിസ്റ്റന്റ് സെക്രട്ടറി, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, പുതുപ്പള്ളി, കോട്ടയം എന്ന വിലാസത്തിൽ 2023 ജൂൺ 23-ന് ലഭിക്കത്തക്കവണ്ണം അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരിശീലന പരിപാടി**

5. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നടത്തുന്ന വിളപരിപാലനം ബഡിങ് ഗ്രാഫ്റ്റിങ് തുടങ്ങിയ നഴ്സറി മുറകൾ, ജൈവ ഉപാധികളുടെ നിർമ്മാണം, കൂൺകൃഷി, കൂൺ വിത്തുൽപ്പാദനം, സസ്യ സംരക്ഷണ മുറകൾ, ഭഷ്യസംസ്കരണം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ഹൈടെക് കൃഷി തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9400483754 എന്ന നമ്പറിൽ ഓഫീസുസമയത്തു വിളിച്ചു ബുക്ക് ചെയേണ്ടതാണ്, കൂടാതെ ബി വി 380 കോഴികുഞ്ഞുങ്ങളും ബുക്ക് ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാർഷിക നിർദ്ദേശം

6. കുരുമുളക് ചെടിയുടെ ചുവടിനോട് ചേർന്ന് വെള്ളം നിൽക്കുന്നത് കുരുമുളക് ചെടിയുടെ കടയ്ക്കൽ രോഗബാധയ്ക്ക് കാരണമാകാം. മണ്ണ് കയറ്റിക്കൊടുക്കുക വഴി വെള്ളക്കെട്ട് ഒരു പരിധി വരെ ഒഴിവാക്കാം.

പച്ചക്കറി വിളകൾ - പച്ചക്കറികൾ നടുമ്പോൾ വാം ഉപയോഗിക്കുന്നത് ജലത്തിന്റെ ആഗിരണം ത്വരിതപ്പെടുത്തുന്നതോടൊപ്പം വരൾച്ചയെ പ്രതിരോധിക്കുകയും ചെയ്യുന്നു. വിവിധ പച്ചക്കറി വിളകൾക്ക് നന ഉറപ്പുവരുത്തുക. ചെറുതൈകൾക്ക് ശക്തമായ ചൂടിൽ നിന്നും സംരക്ഷണം നൽകണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം